**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 320** **05-08-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുത വാഹന ചാർജിംഗ് സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങളുടെ ഉപയോഗവും നിർമ്മാണവും പ്രചരണവും സർക്കാർ പ്രോത്സാഹിപ്പിക്കുന്ന സാഹചര്യത്തിൽ വൈദ്യുത വാഹന ചാർജിംഗ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി വൈദ്യുതി വകുപ്പ് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തി-ലിറക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല പടുത്തുയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രാരംഭഘട്ടമായി ആറു ജില്ലകളിൽ കെ. എസ്. ഇ. ബി. എൽ-ന്റെ സ്വന്തം സ്ഥലത്ത് വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7. 11 .2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കെ.എസ്.ഇ.ബി.എൽ മുഖാന്തിരം കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു. 1. നേമം, തിരുവനന്തപുരം 2. ഓലൈ, കൊല്ലം 3. പാലാരിവട്ടം, എറണാകുളം 4. വിയ്യൂർ, തൃശ്ശൂർ 5. നല്ലളം, കോഴിക്കോട് 6. ചൊവ്വ, കണ്ണൂർ സംസ്ഥാന ഗവൺമെൻറിന്റെ ഈ മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജിങ് സ്റ്റേഷനുകൾ നിർമിക്കുന്നതിനുള്ള ഭരണാനുമതി കൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരം ഉള്ള 30 ചാർജിങ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഇത്തരത്തിൽ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ വൈദ്യുതി വകുപ്പിന് കീഴിലുള്ള അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. അനെർട്ട് മുഖേന താഴെ പറയുന്ന 6 സ്ഥലങ്ങളിൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | ആരംഭിച്ചു. 1. ഡി.ടി.പി.സി. കാർ പാർക്കിംഗ് ഏരിയ, ശംഖുമുഖം, തിരുവനന്തപുരം 2. ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം 3. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി.- ലോ കോളേജ് റോഡ്, തിരുവനന്തപുരം 4. ഡി.ടി.പി.സി.ടേക്ക് എ ബ്രേക്ക്, ചവറ, കൊല്ലം 5. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ 6. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം പുതുതായി ഫാസ്റ്റ്ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തന ങ്ങൾ ആരംഭിച്ച സ്ഥലങ്ങൾ. ഡി.ടി.പി.സി സെന്റർ, ഇടുക്കി കില, മുളങ്കുന്നത്തു കാവ്, തൃശ്ശൂർ ജവഹർ ബാല വികാസ് ഭവൻ, മീനങ്ങാടി, വയനാട് ഡി.ടി.പി.സി അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ് കാഞ്ഞിരംപുഴ ഡാം, പാലക്കാട് സർക്കാർ വകുപ്പുകളുടെയോ, പൊതു മേഖല സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ് സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചുവരുന്നു. ഒരു യൂണിറ്റ് വൈദ്യുതിയ്ക്ക് 70 പൈസ നിരക്കിൽ തറവാടക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുന്നതാണ്. സ്വകാര്യ ഹോട്ടലുകൾ, മാളുകൾ, മറ്റു പാർക്കുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചാർജിങ് സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി പ്ലാൻറ് സ്ഥാപിക്കുന്നതിന് മുൻഗണന ക്രമത്തിൽ അനെർട്ട് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. |
| (ബി) | വൈദ്യുതി വകുപ്പിന് കീഴിൽ എവിടെയെല്ലാം ചാർജിംഗ് കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും എവിടെയെല്ലാം പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്നുവെന്നും വിശദമാക്കാമോ; | (ബി) | ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാനത്തുടനീളം വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല പടുത്തുയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രാരംഭഘട്ടമായി ആറു ജില്ലകളിൽ കെ. എസ്. ഇ. ബി. എൽ-ന്റെ സ്വന്തം സ്ഥലത്ത് വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7. 11 .2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കെ.എസ്.ഇ.ബി.എൽ മുഖാന്തിരം കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു. 1. നേമം, തിരുവനന്തപുരം 2. ഓലൈ, കൊല്ലം 3. പാലാരിവട്ടം, എറണാകുളം 4. വിയ്യൂർ, തൃശ്ശൂർ 5. നല്ലളം, കോഴിക്കോട് 6. ചൊവ്വ, കണ്ണൂർ സംസ്ഥാന ഗവൺമെൻറിന്റെ ഈ മൊബിലിറ്റി പ്രൊമോഷൻ |

| | | | |
|---|---|---|---|
| | | | ഫണ്ടിൽനിന്നും 26 പുതിയ ചാർജിങ് സ്റ്റേഷനുകൾ നിർമിക്കുന്നതിനുള്ള ഭരണാനുമതി കൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരം ഉള്ള 30 ചാർജിങ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഇത്തരത്തിൽ എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ വൈദ്യുതി വകുപ്പിന് കീഴിലുള്ള അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. അനെർട്ട് മുഖേന താഴെ പറയുന്ന 6 സ്ഥലങ്ങളിൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചു. 1. ഡി.ടി.പി.സി. കാർ പാർക്കിംഗ് ഏരിയ, ശംഖുമുഖം, തിരുവനന്തപുരം 2. ഗവണ്മെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട്, തിരുവനന്തപുരം 3. അനെർട്ട് കേന്ദ്ര കാര്യാലയം, പി.എം.ജി.- ലോ കോളേജ് റോഡ്, തിരുവനന്തപുരം 4. ഡി.ടി.പി.സി.ടേക്ക് എ ബ്രേക്ക്, ചവറ, കൊല്ലം 5. ഓട്ടോ കാസ്റ്റ്, ചേർത്തല, ആലപ്പുഴ 6. കെ.ടി.ഡി.സി. ടൂറിസ്റ്റ് റിസപ്ഷൻ സെന്റർ, മറൈൻ ഡ്രൈവ്, എറണാകുളം പുതുതായി ഫാസ്റ്റ്ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തന ങ്ങൾ ആരംഭിച്ച സ്ഥലങ്ങൾ. ഡി.ടി.പി.സി സെന്റർ, ഇടുക്കി കില, മുളങ്കുന്നത്തു കാവ്, തൃശ്ശൂർ ജവഹർ ബാല വികാസ് ഭവൻ, മീനങ്ങാടി, വയനാട് ഡി.ടി.പി.സി അമിനിറ്റി സെന്റർ, നീലേശ്വരം, കാസർഗോഡ് കാഞ്ഞിരംപുഴ ഡാം, പാലക്കാട് സർക്കാർ വകുപ്പുകളുടെയോ, പൊതു മേഖല സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ് സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചുവരുന്നു. ഒരു യൂണിറ്റ് വൈദ്യുതിയ്ക്ക് 70 പൈസ നിരക്കിൽ തറവാടക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുന്നതാണ്. സ്വകാര്യ ഹോട്ടലുകൾ, മാളുകൾ, മറ്റു പാർക്കുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചാർജിങ് സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി പ്ലാൻറ് സ്ഥാപിക്കുന്നതിന് മുൻഗണന ക്രമത്തിൽ അനെർട്ട് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. |
| (സി) | വൈദ്യുതി വകുപ്പിന് കീഴിലല്ലാതെ എവിടെയെങ്കിലും | (സി) | വൈദ്യുതി വകുപ്പിന് കീഴിലല്ലാതെ ചാർജ്ജിംഗ് |

| | | | |
|---|---|---|---|
| | ചാർജിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | | സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല |
| (ഡി) | പുതുതായി വൈദ്യുത വാഹന ചാർജിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ഡി) | കേന്ദ്ര ഗവൺമെന്റിന്റെ ഊർജ്ജമന്ത്രാലയം, ഡിപ്പാർട്ട്മെന്റ് ഓഫ് ഹെവി ഇൻഡസ്ട്രീസ്, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി, തുടങ്ങിയവ പുറപ്പെടുവിപ്പിക്കുന്ന മാനദണ്ഡങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായാണ് പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടുന്നത്. പ്രധാനമായവ ചുവടെ ചേർക്കുന്നു. 1.Charging infrastructure for electric Vehicles (EV) – Guidelines and standards dated. 14.12.2018 by Ministry of Power. 2. Charging infrastructure for Electric Vehicles (EB) – Revised Guidelines and standards dated 01.10.2019 by Ministry of Power. 3. Amendment in the revised Guidelines and standards for Charging Infrastructure for Electric Vehicles dated 08.06.2020 by Ministry of Power. 4. Central Electricity Authority (measures relating to Safety and Electric Supply) (Amendment) Regulation 2019, Chapter XI – Safety Provisions for Electric Vehicle Charging Stations. |
| (ഇ) | സംസ്ഥാനത്ത് കൂടുതൽ വൈദ്യുത വാഹന ചാർജിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുമോ? | (ഇ) | കെ.എസ്.ഇ.ബി ലിമിറ്റഡ് എല്ലാ ജില്ലകളിലുമായി 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലുള്ള മറ്റ് ഉത്തരവാദിത്ത-ങ്ങളും ബന്ധപ്പെട്ട ഏജൻസികളും ഉണ ഭോക്താക്കളുമായി ചേർന്ന് കെ.എസ്.ഇ.ബി.എൽ നിർവ്വഹിച്ചു വരുന്നു. സംസ്ഥാനത്ത് കൂടുതൽ വൈദ്യുത വാഹന ചാർജിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ, പൊതു മേഖല സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ചാർജിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയ സ്ഥലങ്ങളുടെ എൻ. ഒ സി അതാത് സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യ സംരംഭകരെക്കൂടി ഈ പദ്ധതിയിൽ കൊണ്ടുവരുന്ന തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ